## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3056** **10.12.2018-ൽ മറുപടിക്ക്**

**ജലവിതരണ പൈപ്പിടാനായി റോഡുകൾ കുത്തിപ്പൊളിക്കുന്ന സാഹചര്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, റോജി എം. ജോൺ<br>,, എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ജലവിതരണ പൈപ്പിടാനായി പുതിയ റോഡുകൾ ജല അതോറിറ്റി കുത്തിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റോഡ് നിർമ്മാണത്തിന് മുൻപ് തന്നെ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ പദ്ധതിയുണ്ടാക്കണമെന്നും ഇല്ലെങ്കിൽ അത് പൊതുഖജനാവിന് ഭീമമായ നഷ്ടം സൃഷ്ടിക്കുമെന്നുമുള്ള കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ഡബ്ല്യു.എ, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി തുടങ്ങിയ വിവിധ ഏജൻസികൾ റോഡ് കുഴിക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി സ.ഉ(സാധാ)നം.30/2018/പൊ.മ.വ തീയതി 05/01/2018, സ.ഉ(സാധാ) നം.1321/2018/പൊ.മ.വ തീയതി 24/08/2018 എന്നിവ പ്രകാരം മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം കെ.ഡബ്ല്യു.എ, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി മുതലായവയുടെ പ്രവൃത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം 6 മാസം മുമ്പെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്. |
| (സി) ഹൈക്കോടതി ചുമതലപ്പെടുത്തിയ പ്രകാരം ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ, ഈ ദുരവസ്ഥയുടെ ഉത്തരവാദിത്തം പൊതുമരാമത്ത് വകുപ്പിനാണെന്ന് ജല അതോറിറ്റി അധികൃതർ അറിയിച്ചുവെന്ന പരാമർശം ഗൗരവമുള്ളതല്ലേ എന്ന് വ്യക്തമാക്കുമോ? | (സി) ലീഗൽ സർവ്വീസസ് അതോറിറ്റി പൊതുമരാമത്ത് വകുപ്പുമായി ആലോചിക്കാതെയാണ് കോടതിയെ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ